First General Body Meeting of the Society. The matter was enquired into and on 1-8-1955, the proceedings of the above general body were invalidated and the society was directed to convene a fresh general body meeting after admitting all tapioca cultivators in the area who applied for admission.

4. The Veliyam Tapioca Growers' Co-operative Society Ltd. No. 3722. Complaints are received about this Society regarding restricted admission of members etc. The matter is being enquired into.

കാർഷിക കാളേജ്.

* 78 [15] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് കൂടുതൽ കാർഷിക കാളേജുകൾ സ്ഥാപിക്കുന്നതിനു് ഗവണ്മെൻറിനു പദ്ധതിയുണ്ടോ;

(ബി) കാർഷിക കാളേജിനോടൊപ്പം വെറ്ററിനറികാളേജും നടത്തുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തു കാർഷിക വിഷയങ്ങളിൽ എത്ര വിദ്യാർത്ഥികൾക്കു് പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഈ സംസ്ഥാനത്തു കൂടുതൽ കാളേജുകളുടെ ആവശ്യം കാണുന്നില്ലാത്തതിനാൽ അങ്ങനെ ഒരു പദ്ധതിയില്ല.

(ബി) ഒല്ലൂരെ ഒരു വെറ്ററിനറി കാളേജു് സ്ഥാപിച്ചിട്ടുള്ളതിനാൽ കാർഷികകാളേജിനോടൊപ്പം മറ്റൊന്നും നടത്തുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നില്ല.

(സി) ഈ വർഷം കാർഷികകാളേജിൽ 50 വിദ്യാർത്ഥികൾക്കു് പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. പി. വി. ശാംഭരൻ: രാജപ്രമുഖൻറെ കഴിഞ്ഞ നയപ്രഖ്യാപനപ്രസംഗത്തിലും ചീഫ്മിനിസ്റ്ററുടെ ബഡ്ജറവപ്രസംഗത്തിലും ഒരു കംബയീൻഡ് കാളേജാണു സ്ഥാപിക്കാൻ പോകുന്നതെന്നു പറഞ്ഞിട്ടു പ്രത്യേകമായി രണ്ടുകാളേജുകൾ സ്ഥാപിച്ചതു് എന്തുകൊണ്ടാണു്?

ശ്രീ. എ. എ. റഹിം: രണ്ടു കാളേജുകളായി നടത്തുന്നതു് കൂടുതൽ സൗകര്യപ്രദമാണെന്നു മനസ്സിലാക്കിയതിൻറെ ഫലമായിട്ടാണു് അങ്ങനെ നടത്തുന്നതു്.

ശ്രീ. പി. വി. ശാംഭരൻ: അങ്ങനെ എന്നാണു് മനസ്സിലാക്കിയതു്?

ശ്രീ. എ. എ. റഹിം: ആ പ്രസംഗങ്ങൾക്കുശേഷം.

LIBRARY ARCHIVES Kerala Legislative Assembly